**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .70 — 02-03-2020 -ൽ മറുപടിക്ക്

## ദുരിതാശ്വാസ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ഓരോ വർഷവുമുണ്ടായ പ്രളയദുരിതം ഉൾപ്പെടെയുള്ള ദുരിതങ്ങളെ തരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ എത്രത്തോളം കേന്ദ്രസഹായം അഭ്യർത്ഥിച്ചുവെന്നും എത്ര കേന്ദ്രസഹായം ലഭ്യമായിയെന്നും വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ദുരന്തങ്ങൾ നേരിടുന്നതിനായി കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ആവശ്യപ്പെട്ട തുകയും അനുവദിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| വർഷവും ദുരന്തവും | നഷ്ടം / അഭ്യർത്ഥിച്ച കേന്ദ്ര സഹായം | ലഭിച്ച കേന്ദ്ര സഹായം |
|---|---|---|
| 2016 (വരൾച്ച) | 992.5 കോടി | 31.72 കോടി |
| 2017 (ഓഖി) | 431 കോടി | 111.7 കോടി |
| 2018 (പ്രളയം) | 5616 കോടി | 2904.85 കോടി |
| 2019 (പ്രളയം) | 2101.88 കോടി | അടിയന്തിര സഹായം ഇതുവരെ അനുവദിച്ചിട്ടില്ല |

| | | | |
|---|---|---|---|
| ബി) | ദുരിതങ്ങൾക്ക് വിധേയരായ കുടുംബങ്ങൾക്കായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) | ദുരിത ബാധിതരെ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കുകയും, ക്യാമ്പുകളിൽ താമസിച്ച കുടുംബങ്ങൾക്കും ബന്ധുവീടുകളിൽ മാറി താമസിച്ച കുടുംബങ്ങൾക്കും അടിയന്തിര സഹായമായി 10,000/- രൂപ അനുവദിച്ചു. പ്രളയത്തിൽ പൂർണ്ണമായും തകർന്ന വീടുകൾ പുനർ നിർമ്മിക്കുന്നതിനായി 4 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഭാഗികമായി തകർന്ന വീടുകളുടെ നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് (15% മുതൽ 75% വരെ 5 കാറ്റഗറി ആയി തിരിച്ച്) ആശ്വാസ ധനസഹായം നൽകി. 2018-ലെ പ്രളയത്തിന് ശേഷം ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ സംഘം പഠനം നടത്തുകയും, 2019-ലെ പ്രളയത്തിന് ശേഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിലെയും ഭൂഗർഭ ജല വകുപ്പിലെയും ജിയോളജിസ്റ്റുകളും മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും സംഘം പഠനം നടത്തുകയും ഈ പഠനങ്ങളിലൂടെ വാസയോഗ്യമല്ല എന്ന് കണ്ടെത്തിയ |

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളിലെ വീടുകളിൽ ഉള്ളവർക്ക് സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറി താമസിക്കാൻ 6 ലക്ഷം രൂപ വരെ ഭൂമി വാങ്ങുന്നതിനും, 4 ലക്ഷം രൂപ വരെ വീട് വയ്ക്കുന്നതിനും വേണ്ടി ധനസഹായം നൽകി വരുന്നു. കടലാക്രമണ ഭീഷണിയുള്ള തീരപ്രദേശങ്ങളിൽ 50 മീറ്റർ പുറത്ത് മാറി (വേലിയേറ്റ പരിധിയിൽ) താമസിക്കുന്നവർക്ക് സുരക്ഷിത ഇടത്തേക്ക് മാറിത്താമസിക്കുന്നതിന് വേണ്ടി 6 ലക്ഷം രൂപ വരെ ഭൂമി വാങ്ങുന്നതിനും, 4 ലക്ഷം രൂപ വരെ വീട് വയ്ക്കുന്നതിനും വേണ്ടി ആശ്വാസ ധനസഹായം നൽകി വരുന്നു. ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം 4 ലക്ഷം രൂപ അനുവദിക്കുന്നു. കാർഷിക, മൃഗസംരക്ഷണ, മത്സ്യബന്ധന മേഖലയിലുണ്ടായ നാശനഷ്ടങ്ങൾക്കും മാനദണ്ഡ പ്രകാരമുള്ള ധനസഹായം അനുവദിച്ച് വരുന്നു. |
| സി) | ഇവർക്കായി കൂടുതൽ കേന്ദ്രസഹായം ലഭ്യമാക്കാനായി സർക്കാർ നടത്തുന്ന തുടർനടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ? | സി) | അംഗീകൃത ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ദേശീയ ദുരന്തപ്രതികരണനിധിയുടെ മാനദണ്ഡമനുസരിച്ച് കേന്ദ്ര സഹായം അഭ്യർത്ഥിച്ച്കൊണ്ട് മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നു. ആയത് പരിശോധിച്ചാണ് കേന്ദ്ര സർക്കാർ സഹായം അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ